നൽകുന്ന 13 ഇനം സാധനങ്ങൾക്ക് ഇരു സ്ഥാപനങ്ങളിലും ഒരേ വിലയാണ് ഉള്ളത്. ഉത്സവകാലങ്ങൾ ഒഴിച്ചുള്ള സന്ദർഭങ്ങളിൽ പലപ്പോഴും നേരിയ വില വ്യത്യാസം ഉണ്ടാകാറുണ്ട്.

(ബി) ഇല്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന 18-5-2006-ന് ശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷന് ലഭിച്ച സബ്സിഡി-331.62 കോടി രൂപ.

വർഷം	സബ്സിഡി തുക (കോടി) മാർക്കറ്റ് ഇന്റർവെൻഷൻ	അരിക്കട തുക (കോടി)	ഓണക്കിറ്റ് തുക (കോടി)	ആകെ (കോടി)
മേയ്/2006-07	23.62	*	6.38	30.00
2007-08	42.92	7.08		50.00
2008-09	69.32	25.68	(#)10.00	105.00
2009-10	47.00	24.00	12.00	83.00
2010-11 (Up to 12/2010)	49.31	10.00	14.31	73.62

* പദ്ധതി നിലവിലില്ലായിരുന്നു.

(#) ഓണക്കിറ്റ് വിതരണം നടത്തിയതിന് കോർപ്പറേഷന് 12 കോടി രൂപ ചെലവായിട്ടുണ്ട്.

റേഷൻ മൊത്ത വ്യാപാരികളുടെ കമ്മീഷൻ

97(1354) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ സംസ്ഥാനത്തെ റേഷൻ മൊത്തവ്യാപാരികൾക്ക് ഭക്ഷ്യധാന്യം എഫ്.സി.ഐ. ഗോഡൗണിൽ നിന്നും എടുത്ത് ട്രാൻസ്പോർട്ട് ചെയ്ത് ഗോഡൗണിൽ സൂക്ഷിച്ച് എ.ആർ.ഡി.-ക്ക് നൽകുന്നതിന് കിലോഗ്രാമിന് എത്ര രൂപ നിരക്കിൽ കമ്മീഷൻ നൽകുന്നു എന്ന് വ്യക്തമാക്കുമോ :

(ബി) എഫ്.സി.ഐ. ഗോഡൗണുകളിൽ ഭക്ഷ്യധാന്യങ്ങൾ കയറ്റുന്നതിന് തൊഴിലാളികൾ അനധികൃതമായി ലോഡ് ഒന്നിന് 500 മുതൽ 1200 വരെ വാങ്ങുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(സി) ലോറിവാടക, ഡീസൽവില, കൂലി, കെട്ടിട വാടക, ശമ്പളം, മറ്റു ചെലവുകൾ എന്നിവയിലെ വർദ്ധനവിന് ആനുപാതികമായി കമ്മീഷൻ കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) റേഷൻ മൊത്ത/ചില്ലറ വ്യാപാരികൾക്ക് നിലവിൽ നൽകി വരുന്ന കമ്മീഷന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

Zone	Rice (Per Qntl)					
	BPL		APL		AAY	
	Whole sale	Retail	Whole sale	Retail	Whole sale	Retail
1	23.90	34.59	24.38	35.29	23.90	34.59
2	24.46	35.31	24.95	36.02	24.46	35.31
3	25.02	36.74	25.51	37.49	25.02	36.74
4	26.15	36.74	26.64	37.49	26.15	36.74

Zone	wheat (Per Qntl)			
	BPL		APL	
	Whole sale	Retail	Whole sale	Retail
1	23.72	34.34	23.72	34.34
2	24.28	35.05	24.28	35.05
3	24.85	36.47	24.85	36.47
4	25.98	36.47	25.98	36.47

Zone	Kerosene (Per KL)			
	Whole sale		Retail	
	T	C	T	C
1	50	204	116.57	82
2	50	204	145.72	82
3	50+93 ps/km	204	160.27	82
4	50+93 ps/km	204	174.86	82

(ബി) ഇല്ല.

(സി) മറ്റ് സംസ്ഥാനങ്ങളിലെ കമ്മീഷൻ നിരക്കുകളുമായി താരതമ്യം ചെയ്ത് കേരളത്തിലെ റേഷൻ വ്യാപാരികൾക്കുള്ള അരിയുടേയും ഗോതമ്പിന്റെയും കമ്മീഷൻ ഏകീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. അതനുസരിച്ച് 2011-2012-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ചില്ലറ വ്യാപാരികളുടെ കമ്മീഷൻ ക്വിന്റലിന് 40 രൂപയായും മൊത്തവ്യാപാരികളുടെ കമ്മീഷൻ ക്വിന്റലിന് 30 രൂപയായും ഉയർത്തി നിശ്ചയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly